(എ) ഭക്ഷ്യധാന്യറേഷൻ പൂർണ്ണമായി വിതരണം ചെയ്യാത്തപ്പോൾ ഓരോ താലൂക്കിന്റെ പലഭാഗത്തും വിവിധ അളവിൽ റേഷൻ വിതരണം നടന്നിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അങ്ങനെയുള്ള വിതരണം നടന്നിട്ടുള്ളതു് ഗവൺമെന്റിന്റെ അറിവോടും സമ്മതത്തോടും കൂടിയാണോ?

(സി) ആണെങ്കിൽ അതിനുള്ള കാരണം എന്തെല്ലാം;

വിദ്യാഭ്യാസവും, തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി. സി) ഉദിക്കുന്നില്ല.

റേഷൻ വിതരണത്തിൽ വ്യത്യസ്ഥത

*ക ൦ ൯ ൪. (ക ക ര) ശ്രീ. കെ. ശാരങ്ഗധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈയാണ്ടു് സെപ്തംബർ മാസത്തിൽ ഈ സ്റ്റോറിന്റെ തിരുവിതാംകൂർ ഭാഗത്തു പൂർണ്ണറേഷന്റെ ഏതാനുംഭാഗം മാത്രം ഭക്ഷ്യധാന്യം വിതരണം ചെയ്യുകയും അതേ അവസരത്തിൽ കൊച്ചി വിഭാഗത്തു പൂർണ്ണറേഷൻ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം;

വിദ്യാഭ്യാസവും, തൊഴിലും, സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഈയാണ്ടു് സെപ്തംബർ മാസത്തിൽ ഈ സ്റ്റോറിന്റെ കൊച്ചി വിഭാഗത്തിലെ റേഷൻ വിതരണം തിരുവിതാംകൂർ വിഭാഗത്തെ അപേക്ഷിച്ചു് കൂടുതൽ തൃപ്തികരമായിരുന്നു.

(ബി) സ്റ്റോറിലേക്കു് ആഗസ്റ്റു് മാസത്തിൽ അരികേപാട്ടാ അനുവദിച്ചിരുന്നില്ല. സെപ്തംബർ മാസത്തേക്കു് അനുവദിച്ചിരുന്ന അരികേപാട്ടാ മഴവൻ സമയത്തിനു് വന്നുചേരായ്കയാൽ അതാതു താലൂക്കിൽനിന്നും ഗവൺമെന്റിലേക്കു് എടുത്തിട്ടുള്ള നെല്ലുകൊണ്ടു് വിതരണം നടത്തേണ്ടതായിവന്നു. തിരുവിതാംകൂർ വിഭാഗത്തെ അപേക്ഷിച്ചു് കൊച്ചിയിലെ നെല്ലെടുപ്പു് പലതി കൂടുതൽ വിജയപ്രദമായിരുന്നതിനാലും അവിടെ കൂടുതൽ നെല്ലുണ്ടായിരുന്നതിനാലും അവിടെ റേഷൻ വിതരണം തൃപ്തികരമായി നടത്താൻ സാധിച്ചു. തിരുവനന്തപുരം ഡിസ്ട്രിക്ടിലും ഇതുമാതിരി നെല്ലെടുപ്പു് കൂടുതൽ വിജയപ്രദമായിരുന്നതിനാൽ അവിടെയും റേഷൻ വിതരണം തൃപ്തികരമായിരുന്നു. എന്നാൽ നെല്ലും സ്റ്റോക്കും ഇല്ലാതിരുന്ന തിരുവിതാംകൂർ വിഭാഗത്തിലെ ഏതാനും താലൂക്കുകളിൽ റേഷനിൽ അരിയുടെ ശതമാനം കുറച്ചു് അതുകൂടി ഗോതമ്പായി വിതരണം ചെയ്യേണ്ടതായിവന്നു. എന്നാൽ ഇതുനിമിത്തം റേഷന്റെ മൊത്ത അളവിൽ കുറവു് വന്നിട്ടില്ല.

വരന്തരപ്പിള്ളി മൃഗാശുപത്രി

*ക ൦ ൯ ൯. (ക ക ൯) ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ —

വരന്തരപ്പിള്ളി മൃഗാശുപത്രി ചെലവു ചുരുക്കത്തിന്റെ പേരിൽ ഒഴിവാക്കാൻ ആലോചനയുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജാൺ ഫിലിപ്പോസ്) :

ഇപ്പോൾ ഇല്ല.

കൃത്രിമ ഗർഭോല്പാദനം

*ചോ൦ 9. (ചോ൦ ൫) ശ്രീ. പി. കെ. രാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കാലികൾക്ക കൃത്രിമഗർഭോല്പാദനം നടത്തിക്കുടെന്ന വല്ല നിരോധനവും ഗവണ്മെൻറ കല്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽഎന്തു കാരണവശാലാണ് അങ്ങനെ ഉത്തരവായിട്ടുള്ളതെന്നു പറയാമോ;

(സി) കന്നുകാലികളുടെ വർഗ്ഗം നന്നാകുന്നതിനു് ഈ മാർഗ്ഗം അനുകരണീയോത്തമമാണെന്നു വിദഗ്ദ്ധാഭിപ്രായമുള്ളതായി ഗവണ്മെൻറിനറിയാമോ;

പൊതുമരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജാൺ ഫിലിപ്പോസ്) :

(എ) ഇല്ല.

(ബി) മേൽ പ്രസ്താവിച്ചതിൽ നിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) അറിയാം.

നെയ്യാർ അണ

*ചോ൦൭ (ചോ൦൯) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) നെയ്യാറിൽ ജലസേചനാവശ്യങ്ങൾക്ക ഒരു അണ കെട്ടുവാൻ ഗവണ്മെൻറ് എന്തെല്ലാം നടപടികൾ നടത്തിയിട്ടുണ്ട്;

(ബി) ഇക്കൊല്ലം (ചോ൦൫൦-ൽ) അതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനം ചെയ്തിട്ടുണ്ടോ ചെയ്തിട്ടുണ്ടെങ്കിൽ എന്തു തീരുമാനം;

(സി) അതു സംബന്ധിച്ച് ഇക്കൊല്ലം എന്തെല്ലാം ജോലികൾ ചെയ്തിട്ടുണ്ട്;

(ഡി) അണ കെട്ടേണ്ടതു എവിടെയാണെന്നു അവസാനമായി തീർച്ചചെയ്തിട്ടുണ്ടോ;

(ഇ) ഇതിലേക്ക വേണ്ട ഇൻവെസ്റ്റിഗേഷൻ നടത്തുകയും എസ്റ്റിമേറു തയ്യാറാക്കുകയും ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എസ്റ്റിമേറ് തുക എത്ര;

(എഫ്) ഇതു സംബന്ധിച്ച് ഇക്കൊല്ലം നടത്തിയിട്ടുള്ള ജോലികൾക്ക എത്ര ചെലവായി;

(ജി) എസ്റ്റിമേറ് തയാറാക്കിയിട്ടുള്ളപക്ഷം എത്ര കൊല്ലംകൊണ്ട് ഈ അണ കെട്ടിത്തീർക്കാമെന്നാണ് ഗവണ്മെൻറ് ഉദ്ദേശിക്കുന്നതു;

പൊതുമരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജാൺ ഫിലിപ്പോസ്) :

(എ) ചോ൦൫൨-ൽ നടത്തിയ പ്രാരംഭ ഇൻവെസ്റ്റിഗേഷൻ നടപടികളെ അടിസ്ഥാനപ്പെടുത്തി നെയ്യാർ അണ കെട്ടുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ച് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനു് ഒരു പ്രത്യേക സബ്ഡിവിഷൻ ഉണ്ടാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly